**15 -ാം കേരള നിയമസഭ**

**13 -ാം സമ്മേളനം**

**നക്ഷത്രചിഹ്നമിട്ട ചോദ്യം നം. 228** **10-03-2025 - ൽ മറുപടിയ്ക്ക്**

**ഗ്രീൻ/ബ്ലൂ പോർട്ടുകൾ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ഡോ. സുജിത് വിജയൻപിള്ള,<br>ശ്രീ. ടി. പി .രാമകൃഷ്ണൻ,<br>ശ്രീ കടകംപള്ളി സുരേന്ദ്രൻ,<br>ശ്രീ. സി. എച്ച്. കുഞ്ഞമ്പു | | ശ്രീ സജി ചെറിയാൻ<br>(മത്സ്യബന്ധനം, സാംസ്കാരികം, യുവജനകാര്യ വകുപ്പ് മന്ത്രി) | |
| (എ) | നവീകരണ പ്രവർത്തനങ്ങൾ നടക്കുന്ന മത്സ്യബന്ധന ഉറമുഖങ്ങളെ ഗ്രീൻ/ബ്ലൂ പോർട്ടുകൾ ആക്കുന്നതിന് ലക്ഷ്യമിടുന്നുണ്ടോ; വ്യക്തമാക്കാമോ; | (എ) | ഉണ്ട്. മുതലപ്പൊഴി മത്സ്യബന്ധന ഉറമുഖം ഗ്രീൻ/ബ്ലൂ പോർട്ട് ആക്കുന്നതിനുള്ള ഘടകങ്ങൾ കൂടി ഉൾപ്പെടുത്തി നവീകരിക്കുന്നതിന് തയ്യാറാക്കിയ പദ്ധതി രൂപരേഖക്ക് പ്രധാനമന്ത്രി മത്സ്യ സമ്പദാ യോജന (PMMSY) – യിൽ അംഗീകാരം ലഭിച്ചിട്ടുണ്ട്. ആയത് പ്രകാരം പ്രവർത്തികൾ നടപ്പിലാക്കുന്നതിനുള്ള നടപടി സ്വീകരിച്ചു വരുന്നു. പുതിയതായി നിർമ്മിക്കാനുദ്ദേശിക്കുന്ന അഞ്ചുതെങ്ങ് മത്സ്യബന്ധന ഉറമുഖത്തിന്റെ വിശദമായ പദ്ധതി രൂപരേഖയിൽ ഗ്രീൻ/ബ്ലൂ ഘടകങ്ങൾ ഉൾപ്പെടുത്തി കേന്ദ്ര സർക്കാരിന്റെ അംഗീകാരത്തിന് സമർപ്പിച്ചിട്ടുണ്ട്. മറ്റ് മത്സ്യബന്ധന ഉറമുഖങ്ങളും ഇത്തരത്തിൽ വികസിപ്പിക്കുന്നതിന് ലക്ഷ്യമിടുന്നുണ്ട്. |
| (ബി) | കൊല്ലം ജില്ലയിലെ നീണ്ടകര, ശക്തികുളങ്ങര മത്സ്യബന്ധന ഉറമുഖങ്ങളെ ആധുനികവൽക്കരിക്കുന്നതിനും അന്താരാഷ്ട്ര നിലവാരത്തിലേക്ക് ഉയർത്തുന്നതിനും മാസ്റ്റർ പ്ലാൻ തയ്യാറാക്കുവാൻ ഉദ്ദേശിക്കുന്നുണ്ടോ; വിശദമാക്കുമോ? | (ബി) | കൊല്ലം ജില്ലയിലെ നീണ്ടകര ശക്തികുളങ്ങര മത്സ്യബന്ധന ഉറമുഖങ്ങളെ ആധുനികവൽക്കരിക്കുന്നതിന് മാസ്റ്റർ പ്ലാൻ തയ്യാറാക്കി വരുന്നു. |

സെക്ഷൻ ഓഫീസർ